പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-2021)

നൂറ്റിയൊൻപതാമത് റിപ്പോർട്ട്

(24-8-2020-ന് സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)

## നൂറ്റിയൊൻപതാമത് റിപ്പോർട്ട്

**സമിതി (2016-2019)-യുടെ 7-ാമത് റിപ്പോർട്ടിന്മേലുള്ള(ബാരാപോൾ ചെറുകിട ജലവൈദ്യുതിയെക്കുറിച്ചുള്ള സ്വതന്ത്രപഠനം സംബന്ധിച്ച്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

660/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |

## സമിതിയുടെ ഘടന (2019-2021)

അദ്ധ്യക്ഷൻ:

ശ്രീ. സി. ദിവാകരൻ

അംഗങ്ങൾ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സി. എഫ്. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

## ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി (2016-2019) യുടെ 7-ാമത് റിപ്പോർട്ടിലെ (ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതിയെക്കുറിച്ചുള്ള സ്വതന്ത്രപഠന റിപ്പോർട്ട് സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി പത്രികയെ ആസ്പദമാക്കി തയ്യാറാക്കിയ നൂറ്റിയൊൻപതാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി പത്രിക 25-9-2019, 20-12-2019 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗം പരിഗണിച്ചു.

സമിതി (2019-2021)-യുടെ നൂറ്റിയൊൻപതാമത് റിപ്പോർട്ട് 5-3-2020-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സി. ദിവാകരൻ
*അദ്ധ്യക്ഷൻ*
*പൊതുമേഖലാ സ്ഥാപനങ്ങളെ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
5-3-2020.

# റിപ്പോർട്ട്

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2016-19)-യുടെ 7-ാമത് റിപ്പോർട്ടിലെ (ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതിയെക്കുറിച്ചുള്ള സ്വതന്ത്രപഠന റിപ്പോർട്ട് സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സമിതി (2016-2019)-യുടെ 7-ാമത് റിപ്പോർട്ട് 2016 നവംബർ 8-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ 11 ശിപാർശകൾ ഉൾപ്പെട്ടിരുന്നു. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി പത്രികകൾ 25-9-2019, 20-12-2019 എന്നീ തീയതികളിലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും അതിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയും ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു.

## സമിതിയുടെ ശിപാർശകളും, ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ശിപാർശകൾ | സർക്കാർ മറുപടികൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 10 | ഊർജ്ജം | പ്രവർത്തനരഹിതമായ ജനറേറ്റർ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുവാനും ജനറേറ്ററിന്റെ പ്രവർത്തനരഹിത കാലയളവിലെ ഉല്പാദന നഷ്ടത്തി ആനുപാതികമായ തുക 'കിർലോസ്കർ ബ്രദേഴ്സ് ' കമ്പനിയിൽ നിന്നും ഈടാക്കുവാനും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. കൂടാതെ, മൂന്ന് ജനറേറ്ററുകളും എഗ്രിമെന്റ് പ്രകാരം പ്രവർത്തിപ്പിക്കുകയും ജനറേറ്ററിന്റെ നിശ്ചിത കാലയളവിലെ പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുകയും ചെയ്തശേഷം മാത്രമേ കമ്പനിക്ക് ജനറേറ്ററുകളുടെ | 15 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ബാരാപോൾ ജല വൈദ്യുത പദ്ധതിയിൽ 5 മെഗാവാട്ടിന്റെ 3 യൂണിറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ ജലവൈദ്യുത പദ്ധതി 29-2-2016-ൽ രാഷ്ട്രത്തിനു സമർപ്പിച്ചെങ്കിലും ജലദൗർലഭ്യം മൂലം യൂണിറ്റ് -1 ഉല്പാദനം ആരംഭിച്ചത് 26-6-2016-നു മാത്രമാണ്. എന്നാൽ 28-6-2016-ൽ യന്ത്ര ഭാഗങ്ങൾ ഉരഞ്ഞ് ഉരുകിച്ചേർന്നത് കാരണം യൂണിറ്റ്-1 പ്രവർത്തന രഹിതമായി. പ്രവർത്തന രഹിതമായ ജനറേറ്റർ (യൂണിറ്റ്-1)-ന്റെ തകരാർ കരാറിന്റെ ഭാഗമായി തന്നെ കിർലോസ്കർ ബ്രദേഴ്സ് പരിഹരിച്ച് 14-12-2016-ന് വീണ്ടും ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. യൂണിറ്റ്-2 14-7-2016-നും യൂണിറ്റ്-3 25-7-2016-നും കമ്മീഷൻ ചെയ്ത് ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. 28-2-2017 -വരെ 19.22 മില്യൺ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | വില നൽകി കരാർ നടപടികൾ അവസാനിപ്പിക്കേണ്ടതുള്ളൂവെന്നും സമിതി ശിപാർശ ചെയ്യുന്നു | യൂണിറ്റ് ബാരാപോൾ ജലവൈദ്യുത പദ്ധതിയിൽ നിന്നും ഉല്പാദിപ്പിച്ചിട്ടുണ്ട്. യൂണിറ്റ്-1 പ്രവർത്തിക്കാത്തതു മൂലം ബോർഡിന് ഉണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കി അതിനു തക്ക പിഴ നിശ്ചയിച്ച് കരാർ പ്രകാരം നൽകുവാനുള്ള തുകയിൽ നിന്നും കുറച്ചതിനു ശേഷം മാത്രമേ ബാക്കി തുക കരാറുകാരന് നൽകുകയുള്ളൂ. യൂണിറ്റുകൾ 72 മണിക്കൂർ തുടർച്ചയായി പ്രവർത്തിപ്പിച്ച് പ്രവർത്തനശേഷി തെളിയിക്കുവാൻ ജലദൗർലഭ്യം മൂലം കഴിയാത്തതിനാൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് മൂന്നു യൂണിറ്റുകളിൽ ഒന്നും തന്നെ ഇതുവരെയും ഏറ്റെടുത്തിട്ടില്ല. ജല ലഭ്യത അനുസരിച്ച് ഓരോ യൂണിറ്റും 72 മണിക്കൂർ തുടർച്ചയായി പ്രവർത്തിപ്പിച്ച് കരാർ പ്രകാരമുള്ള നിശ്ചിത ശേഷി തെളിയിച്ച ശേഷം മാത്രമേ ഓരോ യൂണിറ്റും കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏറ്റെടുക്കുകയുള്ളൂ. ഈ തീയതി മുതൽ മാത്രമേ കരാർ പ്രകാരമുള്ള മൂന്നു കൊല്ലത്തേയ്ക്കുള്ള വാറണ്ടി കാലാവധി ആരംഭിച്ചതായി കണക്കാക്കുകയുള്ളൂ.<br>മൂന്നു കൊല്ലത്തേയ്ക്കുള്ള വാറണ്ടി കാലാവധി പൂർത്തീകരിച്ചതിനുശേഷം മാത്രമേ കരാർ അവസാനിച്ചതായി കണക്കാക്കുകയുള്ളൂ. |

<table>
<tr><th>1</th><th>2</th><th>3</th><th>4</th><th>5</th></tr>
<tr>
<td>2</td>
<td>11</td>
<td>ഊർജ്ജം</td>
<td>ഓപ്പൺ ടെണ്ടർ മുഖാന്തരം നടപ്പിലാക്കിയ ഈ പദ്ധതിയുടെ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം 127.59 കോടിയാണ് പദ്ധതി ചെലവ് എങ്കിലും 189.31 കോടി ചെലവഴിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിച്ച കിർലോസ്കർ ബ്രദേഴ്സ് കമ്പനിക്കെതിരെ ബോർഡ് നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തത് നീതീകരിക്കാനാകില്ലെന്ന് സമിതി കരുതുന്നു. ആയതിനാൽ എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിച്ച കിർലോസ്കർ ബ്രദേഴ്സ് കമ്പനിയിൽ നിന്നും തക്കതായ നഷ്ടപരിഹാരം ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇപ്രകാരമുള്ള അധികച്ചെലവുകൾ കെ.എസ്.ഇ.ബി. -യുടെ സാമ്പത്തിക ഭദ്രതയെ സാരമായി ബാധിക്കുമെന്നതിനാൽ അധിക ചെലവുകൾ നിയന്ത്രിക്കുന്നതിലും എഗ്രിമെന്റ് വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിലും ബോർഡധികൃതർ നിതാന്ത ജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</td>
<td>ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണാനുമതി നൽകിയ എസ്റ്റിമേറ്റ് തുകയാണ് 127.59 കോടി രൂപ. ഈ പദ്ധതിയുടെ സിവിൽ, ഇലക്ട്രോ മെക്കാനിക്കൽ, ട്രാൻസ്മിഷൻ പ്രവർത്തികൾ പ്രത്യേകം കരാർ പ്രകാരമാണ് നടപ്പിലാക്കിയിട്ടുള്ളത്.
<table>
<tr><td>സിവിൽ കരാർ തുക<br>കരാറുകാരൻ- പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്</td><td>73.95 കോടി രൂപ</td></tr>
<tr><td>ഇലക്ട്രോമെക്കാനിക്കൽ<br>കരാറുകാരൻ- കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ്</td><td>24.44 കോടി രൂപ</td></tr>
<tr><td>ട്രാൻസ്മിഷൻ കരാറുകാരൻ- കെ.ഇ.ഐ. ഇൻഡസ്ട്രീസ് ലിമിറ്റഡ്</td><td>14.79 കോടി രൂപ (ഭരണാനുമതി നൽകിയ തുക)</td></tr>
<tr><td>ആകെ</td><td>113.18 കോടി രൂപ</td></tr>
</table>
പദ്ധതിയുടെ നടത്തിപ്പിനായി ഇക്കാലയളവു വരെ ചെലവഴിച്ച തുക ഇപ്രകാരമാണ്.</td>
</tr>
</table>

| 1 | | | 2 | 3 | |
|---|---|---|---|---|---|
| | | | | സിവിൽ | 83.61 കോടി (യന്ത്ര സാമഗ്രികളുടെ ഡിസൈനിൽ വന്ന വ്യതിയാനം മൂലം പവർ ഹൗസിന്റെ വലിപ്പത്തിലുണ്ടായ വർദ്ധനവ്, പദ്ധതി പ്രദേശത്തെ മണ്ണിടിച്ചിൽ മുതലായ കാരണങ്ങൾ മൂലമുണ്ടായ അധിക ചെലവ് ഉൾപ്പെടെ) |
| | | | | ഇലക്ട്രോമെക്കാനിക്കൽ | 18.78 കോടി (24.44 കോടി രൂപയുടെ കരാർ തുകയിൽ ഏകദേശം 18.78 കോടി രൂപയെ കരാറുകാരനായ കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് ഇതുവരെ |

| 1 | 2 | 3 | 4 | 5 | |
|---|---|---|---|---|---|
| | | | | | കൈപ്പറ്റിയിട്ടുള്ളൂ. അതായത് കെ.ബി.എൽ.-ന് ഇനി 5.66 കോടി രൂപ മാത്രമാണ് കൊടുക്കുവാനുള്ളത്. പ്രസ്തുത കരാർ തുക നിശ്ചിതമായതിനാൽ കരാറുകാരന് യാതൊരു തരത്തിലും വില വർദ്ധനവും നൽകുവാൻ വ്യവസ്ഥയില്ല) |
| | | | | ട്രാൻസ്മിഷൻ പ്രവൃത്തി | 14.40 കോടി |
| | | | | സ്വകാര്യസ്ഥലം ഏറ്റെടുക്കൽ | 5.32 കോടി |
| | | | | മൊത്തം 28-2-2017 വരെ | 122.11 കോടി |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ഇലക്ട്രോമെക്കാനിക്കൽ കരാറുകാരനായ കെ.ബി.എൽ.-ന് നൽകുവാനുള്ള 5.66 കോടി രൂപ കൂടി കൊടുത്തു കഴിയുമ്പോൾ ആകെ ചെലവ് 127.77 കോടി രൂപയാണ്. കൂടാതെ സിവിൽ ജോലികൾക്കുള്ള കരാറുകാരന് സ്ഥലം വിട്ടുനൽകുന്നതിന് ബോർഡിന്റെ ഭാഗത്തു നിന്നുണ്ടായ കാലതാമസം മൂലം ഉണ്ടായ സാമ്പത്തിക നഷ്ടം നികത്തുന്നതിന് അധിക തുകയായി 3 കോടി രൂപ കൊടുക്കുന്നതിന് 4-3-2016-ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാർച്ച് 2013 മുതൽ ജനുവരി 2016 വരെ ചെയ്ത ജോലികൾക്കായി 2,71,38,797 രൂപ (രണ്ട്കോടി എഴുപത്തി ഒന്നു ലക്ഷത്തി മുപ്പത്തിഎട്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ) ക്യാബിനറ്റ് സബ്കമ്മിറ്റിയുടെ അനുമതിയോടെ കൊടുക്കുന്നതിനുള്ള ബോർഡുത്തരവ് 21-7-2017-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ബാരാപോൾ വൈദ്യുത നിലയം മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിക്കാനുള്ള മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിൽ ഇല്ലായെന്നും ഈ വിഷയത്തിൽ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാമെന്നും 8-9-2017-ലെ 68/ബി2/17/ഊ.വ. നമ്പർ കത്ത് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ അറിയിച്ചിട്ടുണ്ട്.<br><br>ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ (3x5MV) ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് നൽകി കൊണ്ട് 27-9-2012-ൽ കരാർ വയ്ക്കുകയും ബന്ധപ്പെട്ട പ്രവൃത്തികൾ 5-10-2012-ൽ തുടങ്ങുകയും ചെയ്തു.<br><br>15 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ബാരാപോൾ ജലവൈദ്യുത പദ്ധതിയിൽ 5 മെഗാവാട്ടിന്റെ 3 യൂണിറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ ജലവൈദ്യുത പദ്ധതി 29-2-2016-ൽ രാഷ്ട്രത്തിനു സമർപ്പിച്ചെങ്കിലും ജല ദൗർലഭ്യം മൂലം യൂണിറ്റ്-1 ഉല്പാദനം ആരംഭിച്ചത് 26-6-2016-നു മാത്രമാണ്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | എന്നാൽ 28-6-2016-ൽ യന്ത്ര ഭാഗങ്ങൾ ഉരഞ്ഞ് ഉരുകിച്ചേർന്നത് കാരണം യൂണിറ്റ്-1 പ്രവർത്തന രഹിതമായി. പ്രവർത്തന രഹിതമായ ജനറേറ്റർ (യൂണിറ്റ്-1) -ന്റെ തകരാർ **കരാറിന്റെ ഭാഗമായി തന്നെ** കിർലോസ്കർ ബ്രദേഴ്സ് പരിഹരിച്ച് 14-12-2016-ന് വീണ്ടും ഉല്പാദനം ആരംഭിച്ചു. 3 യൂണിറ്റുകളും ഇപ്പോൾ പ്രവർത്തനക്ഷമമാണ്.<br><br>കേടായ ജനറേറ്ററിന്റെ അറ്റകുറ്റപ്പണികൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് **ഓപ്പൺ ടെണ്ടർ വിളിച്ചിട്ടില്ല.** ജനറേറ്റർ ഗ്യാരണ്ടി പിരീഡിൽ ആയതിനാൽ കരാർ പ്രകാരം യൂണിറ്റുകളുടെ തകരാറുകൾ പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കേണ്ടത് കരാറുകാരൻ തന്നെയാണ്.<br><br>കൂടാതെ ഓരോ യൂണിറ്റും 72 മണിക്കൂർ തുടർച്ചയായി പ്രവർത്തിച്ച് പ്രവർത്തനശേഷി തെളിയിച്ചതിനു ശേഷം മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ബോർഡ് ലിമിറ്റഡ് ഏറ്റെടുക്കുകയുള്ളൂ. ഇപ്രകാരം പ്രവർത്തനശേഷി തെളിയിക്കുവാൻ ജല ദൗർലഭ്യം മൂലം കഴിയാത്തതിനാൽ യൂണിറ്റുകൾ ഒന്നും തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏറ്റെടുത്തിട്ടില്ല. കൂടാതെ പദ്ധതിയുടെ ഗ്യാരണ്ടി കാലയളവ് 3 വർഷമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതി ഏറ്റെടുക്കുന്ന തീയതി മുതലാണ് ഗ്യാരണ്ടി കാലയളവ് തുടങ്ങുന്നത്. ഈ കാലയളവിൽ വരുന്ന തകരാറുകളും കരാറുകാരൻ തന്നെ പരിഹരിക്കേണ്ടതാണ്<br><br>പദ്ധതിയുമായി ബന്ധപ്പെട്ട് കരാർ തുകയിൽ ബോർഡിന്റെ കൈവശം ഏകദേശം 5.66 കോടി രൂപയുണ്ട്. പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമായതിനു ശേഷം യൂണിറ്റ്-1 പ്രവർത്തിക്കാത്തതു മൂലം ബോർഡിന് ഉണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കി അതിനുതക്ക പിഴ നിശ്ചയിച്ച് കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡിൽനിന്നും ഈടാക്കിയതിനുശേഷം മാത്രമേ ബാക്കി തുക നൽകുകയുള്ളൂ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | 12 | ഊർജ്ജം | പദ്ധതിയ്ക്കായി അനുവദിക്കപ്പെട്ട കേന്ദ്ര ധനസഹായത്തിൽ ശേഷിക്കുന്ന തുക കൂടി ലഭ്യമാക്കുന്ന തിനായി, നിലവിലുള്ള മൂന്ന് ജനറേറ്ററുകളും കാര്യക്ഷമമായി പ്രവർത്തിപ്പിച്ച്, നിർദ്ദിഷ്ട വ്യവസ്ഥകൾക്കനുസൃതമായി പദ്ധതി പൂർത്തീകരണം സാദ്ധ്യ മാക്കുന്നതിനുള്ള എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നടത്തിപ്പിനായി മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജി അനുവദിച്ച ധനസഹായമായ 810 ലക്ഷം രൂപയിൽ ഇതുവരെ 729 ലക്ഷം രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് കേന്ദ്രം നൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായത്തിന്റെ അവസാന ഇൻസ്റ്റാൾമെന്റായ 81 ലക്ഷം രൂപ (ആകെ ധനസഹായത്തിന്റെ 10%) ലഭ്യമാക്കുന്നതിനു വേണ്ടി പദ്ധതിയുടെ കംപ്ലീഷൻ റിപ്പോർട്ട്, സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ജനറേഷൻ ഡേറ്റ, പദ്ധതിയ്ക്ക് ചെലവായ തുക കണക്കാക്കിയുള്ള ഓഡിറ്റഡ് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, പെർഫോർമൻസ് ടെസ്റ്റിംഗ്, ആറു മാസത്തെ ജനറേഷൻ ഡേറ്റ എന്നിവ മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജിയ്ക്ക് സമർപ്പിക്കേണ്ടതായുണ്ട്. ജലദൗർലഭ്യം മൂലം മേല്പറഞ്ഞ പ്രവർത്തികൾ പൂർത്തീകരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ജലലഭ്യത അനുസരിച്ച് ഓരോ യൂണിറ്റും 72 മണിക്കൂർ തുടർച്ചയായി പ്രവർത്തിപ്പിച്ച് കരാർ പ്രകാരമുള്ള നിശ്ചിത ശേഷി തെളിയിച്ച ശേഷം സ്വതന്ത്ര ഏജൻസിയുടെ റിപ്പോർട്ട് സഹിതം ശേഷിച്ച കേന്ദ്ര ധനസഹായത്തിനായി അപേക്ഷിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |
| 4 | 14 | ഊർജ്ജം | നിർമ്മാണ പ്രക്രിയ പൂർത്തീകരിച്ച സൗരോർജ്ജ പ്ലാന്റുകളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് പ്രസരണം നടത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ബാരാപോൾ കനാൽ ബാങ്ക് സൗരോർജ്ജ പദ്ധതി (1 MW) 27-10-2016-ലും ബാരാപോൾ കനാൽ ടോപ്പ് സൗരോർജ്ജ പദ്ധതി (3 MW) 17-11-2016-ലും നിർമ്മാണം പൂർത്തിയാക്കി ഗ്രിഡുമായി ബന്ധിപ്പിച്ച് പ്രസരണം നടത്തിവരുന്നു. 28-2-2017-വരെ 8,42,955 യൂണിറ്റ് വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകിയിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 5 | 15 | ഊർജ്ജം | ബാരാപോൾ പദ്ധതിയുമായി ബന്ധപ്പെട്ട് കൂട്ടുപുഴയിൽ നിന്ന് കച്ചേരിക്കടവിലേക്ക് ഒരു പാലം നിർമ്മിക്കുകയെന്നത് പ്രദേശ വാസികളുടെ പ്രധാന ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ തൊട്ടു താഴെയായി രണ്ടാംഘട്ട വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതോടനുബന്ധിച്ച് പ്രദേശവാസികളുടെ ഈ ആവശ്യം പരിഗണിക്കാവുന്നതാണ്. . |
| 6 | 16 | ഊർജ്ജം | ബാരാപോൾ പദ്ധതിയിലെ ജലവൈദ്യുത പദ്ധതിയും സൗരോർജ്ജ പദ്ധതിയും പ്രത്യേക യൂണിറ്റുകളായി പ്രവർത്തിച്ചാൽ ലാഭനഷ്ടങ്ങൾ കൃത്യമായി വിലയിരുത്താൻ കഴിയുമെന്നും കൂടുതൽ കാര്യക്ഷമമായി പ്രവർത്തനം മുന്നോട്ട് | ബാരാപോൾ ജലവൈദ്യുത പദ്ധതിയും ബാരാപോൾ സൗരോർജ്ജ പദ്ധതിയും സ്വതന്ത്ര യൂണിറ്റുകളായി തന്നെയാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 28-2-2017 വരെ ജലവൈദ്യുതപദ്ധതിയിൽ നിന്ന് 19.22 മില്ല്യൺ യൂണിറ്റും സൗരോർജ്ജ പദ്ധതിയിൽ നിന്ന് 0.842955 മില്ല്യൺ യൂണിറ്റും ഉല്പാദിപ്പിച്ചിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | കൊണ്ടുപോകുവാൻ ഗുണകരമാക മെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ജലവൈദ്യുതപദ്ധതിയും സൗരോർജ്ജ പദ്ധതിയും സ്വതന്ത്ര യൂണിറ്റുകളായി വിഭജിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 7 | 18 | ഊർജ്ജം | പദ്ധതി പ്രദേശത്തെ അനുഗ്രഹീത പരിസ്ഥിതിയെ ഉപയോഗപ്പെടുത്തി ഹൈഡൽ ടൂറിസം ആരംഭിക്കുന്നതു മായി ബന്ധപ്പെട്ട് സർക്കാർ മുൻപാകെ, കെ.എസ്.ഇ.ബി. റിപ്പോർട്ട് സമർപ്പി ച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സർക്കാർ മുൻപാകെ കെ.എസ്.ഇ.ബി. സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് അടിയന്തരമായി പരിഗണിച്ച് പദ്ധതി പ്രദേശത്ത് ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ബോർഡ് തലത്തിൽ പ്രത്യേക യൂണിറ്റായി പ്രവർത്തിക്കുന്ന ഹൈഡൽ ടൂറിസം കേന്ദ്രം ഇതിന്റെ ചുമതല ഏറ്റെടുത്തിട്ടുണ്ട്. ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതിയോടനുബന്ധിച്ച് പുതിയ ഹൈഡൽ ടൂറിസം ആരംഭിക്കുവാൻ. തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് രൂപരേഖ തയ്യാറാക്കി വരുന്നു. രൂപരേഖ തയ്യാറായാൽ ഉടൻ തന്നെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 8 | 19 | ഊർജ്ജം | പ്രദേശത്തെ വനനിബിഡ സങ്കേതങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വനം/ടൂറിസം/ ഊർജ്ജ വകുപ്പുകളുടെ സംയുക്താഭി മുഖ്യത്തിൽ ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വനം/ടൂറിസം/ഊർജ്ജ വകുപ്പുകളുടെ സംയുക്താഭി മുഖ്യത്തിൽ ഇക്കോ ടൂറിസം പദ്ധതി സ്ഥാപിക്കുവാനുള്ള സാധ്യതാ പഠനം നടത്തുവാൻ ഹൈഡൽ ടൂറിസം കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| | | വനം-വന്യജീവി വകുപ്പ് | | ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതി കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിനെയും കർണ്ണാടകത്തിലെ കടക് ജില്ലയിലെ മാക്കൂട്ടത്തെയും വേർതിരിക്കുന്ന ബാരോപോൾ പുഴയിലാണ് നിർമ്മിച്ചിട്ടുള്ളത്. കൂട്ടുപുഴയ്ക്കടുത്ത് പാലത്തിൻ കടവിലാണ് പദ്ധതിയിലെ പവർഹൗസ് നിർമ്മിച്ചിട്ടുള്ളത്. ഈ പദ്ധതി പൂർണ്ണമായും കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലാണ്. വനം വകുപ്പിന്റെ ഇക്കോ ടൂറിസം പദ്ധതികൾക്ക് |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ടി പദ്ധതി സ്ഥിതി ചെയ്യുന്ന ഡിവിഷനിലെ വർക്കിംഗ് പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ആവശ്യമാണ്. നിലവിൽ മറ്റു വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ വനപ്രദേശത്ത് ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. കൂടാതെ, വനം വകുപ്പിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി FDA/VSS/EDC മുഖേനയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ, സമിതി ശിപാർശ ചെയ്ത രീതിയിലുള്ള വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിലുള്ള ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാൻ പ്രായോഗിക തലത്തിൽ ബുദ്ധിമുട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 9 | 20 | ഊർജ്ജം | ഡാം നിർമ്മിക്കാതെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ സ്വകാര്യ മേഖലയെ ഏല്പിക്കാതെ ഇലക്ട്രിസിറ്റി ബോർഡ് ഏറ്റെടുത്ത് നടത്തുന്നത് സംസ്ഥാനത്തെ പൊതുമേഖലയെ ശക്തിപ്പെടുത്തുമെന്നതിനാൽ ഇത്തരം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി.-യിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർ കൂടുതൽ വൈദഗ്ധ്യം നേടേണ്ടതുണ്ടെന്നും, ആയതിലേക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | ഡാം നിർമ്മിക്കാതെ ട്രഞ്ച് വിയർ നിർമ്മിച്ച് ബാരാപോളിൽ വൈദ്യുതി ഉല്പാദനം സാധ്യമാക്കിയത് കെ.എസ്.ഇ.ബി.-യിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക മികവ് ഉപയോഗപ്പെടുത്തിയാണ്. എന്നിരുന്നാലും ആധുനിക രീതിയിലുള്ള സാങ്കേതിക മികവ് ലഭ്യമാക്കുന്നതിലേയ്ക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.<br>കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ഡാം നിർമ്മിക്കാതെ, ട്രഞ്ച് വിയർ ഉപയോഗിച്ച് രൂപകല്പന ചെയ്ത ആദ്യത്തെ പദ്ധതിയായ ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതി നിലവിൽ വന്നു കഴിഞ്ഞു. കെ.എസ്.ഇ.ബി. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ലിമിറ്റഡിലെ തന്നെ ഉദ്യോഗസ്ഥരാണ് ഈ പദ്ധതി രൂപകല്പന ചെയ്യുകയും, നിർമ്മാണത്തിന് മേൽനോട്ടം വഹിച്ചതും. തുടർന്നും ഇതുപോലുള്ള പദ്ധതികളുടെ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നുണ്ട്. പുതുതായി നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന 6 MW-ന്റെ മരിപ്പുഴ, 7.5 MW-ന്റെ ചെമ്പുകടവ് - III എന്നീ പദ്ധതികളിൽ ട്രഞ്ച് വിയർ സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ഈ വിഷയത്തിൽ വേണ്ടത്ര പ്രാവീണ്യം ഉണ്ട്. എങ്കിൽ പോലും, ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകളിൽ ആവശ്യകതയനുസരിച്ച് പരിശീലനം നൽകാനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ച് വരുന്നു. |

| 1 | 2 | 3 | 4 | 5 |
| --- | --- | --- | --- | --- |
| 10 | 21 | ഊർജ്ജം | കേരളത്തിന്റെ വൈദ്യുതോല്പാദന രംഗത്തെ നൂതനവും ഏറ്റവും ചെലവ് കുറഞ്ഞതുമായ ആദ്യ ചെറുകിട ജലവൈദ്യുത പദ്ധതിയാണിത്. വൈദ്യുതോല്പാദനത്തിന് പുറമെ വിനോദ സഞ്ചാരമുൾപ്പെടെയുള്ള മറ്റ് സാദ്ധ്യതകൾ കൂടി മുന്നോട്ടുവയ്ക്കുന്ന ഇത്തരം പദ്ധതികൾ കൂടുതലായി ആരംഭിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ബാരാപോൾ മാതൃകയിൽ കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തു ന്നതിന് ബോർഡിന്റെ നേതൃത്വത്തിൽ ശാസ്ത്രീയമായ സർവ്വേകൾ സംഘടി | വൈദ്യുതോല്പാദന രംഗത്തെ നൂതനവും ചെലവു കുറഞ്ഞതുമായ സാങ്കേതിക വിദ്യകളുപയോഗിച്ചാണ് ചെറുകിട ജലവൈദ്യുത പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നത്. ഇതിൽ വൈദ്യുതോല്പാദന- ത്തിന് പുറമെ വിനോദസഞ്ചാരത്തിനുള്ള സാധ്യതകളും കണക്കിലെടുക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഏതാനും ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതാ പഠനം ബോർഡിൽ നടന്നുവരുന്നു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | പ്പിക്കണമെന്നും അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സാധ്യതാ പഠനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| | 22 | ഊർജ്ജം | ബാരാപോൾ മാതൃകയിൽ ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ കോഴിക്കോട് ജില്ലയിലെ ചെമ്പുക്കടവിൽ പഠനം നടത്തിയതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പഠനം പൂർത്തിയാക്കി അടിയന്തരമായി പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇത്തരം പദ്ധതികൾക്കാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യവും മറ്റ് അടിസ്ഥാന | ചെമ്പുക്കടവ് മൂന്നാംഘട്ട പദ്ധതിയിൽ ബാരാപോളിനെ പോലെ ട്രഞ്ച് വിയർ ആണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൾ അന്തിമ ഘട്ടത്തിലാണ്. ഇത്തരം പദ്ധതികൾക്കാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യവും മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ഊർജ്ജിത നടപടികളും പ്രത്യേക കർമ്മ പദ്ധതികളും ആവിഷ്കരിക്കണമെന്നും ആയതിലേക്കായി കെ.എസ്.ഇ.ബി.-എൽ. നിന്നുള്ള ഒരു വിദഗ്ദ്ധ സംഘത്തെ നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |



തിരുവനന്തപുരം,
5-3-2020.

സി. ദിവാകരൻ

*ചെയർമാൻ*
*പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി*

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.